# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.*729 07-11-2016-ലെ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയർമാരുടെ കുറവ്

**ചോദ്യം** **ഉത്തരം**

**ഡോ.കെ.ടി.ജലീൽ**
തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

ശ്രീ. എ.എൻ. ഷംസീർ
ശ്രീ. ജോർജ് എം. തോമസ്
ശ്രീ. കെ.ജെ. മാക്സി
ശ്രീ. എം. മുകേഷ്

| ചോദ്യം | | ഉത്തരം |
|---|---|---|
| എ) | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ എഞ്ചിനീയർമാർ ഇല്ലാത്തതു കാരണം ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) പി.എസ്സ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള 91 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ റാങ്ക് ലിസ്റ്റ് നിലവിൽ വന്നാൽ ഉടൻ തന്നെ നികത്തുന്നതാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പ്രൊമോഷൻ സംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ്സ് നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികയിലേയ്ക്കുള്ള ഒഴിവ് നികത്താൻ സാധിക്കുന്നില്ല. പ്രൊവിഷണൽ പ്രൊമോഷൻ ലഭിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മാത്രമേ നിലവിലുള്ളൂ എന്നതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഒഴിവും നികത്താൻ കഴിയുന്നില്ല.<br><br>സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നിലവിലുള്ള ഒരു ഒഴിവിലേയ്ക്കും രണ്ട് പ്രതീക്ഷിത ഒഴിവിലേക്കും 3 പേരെയും എക്സി.എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് ഒരാളെയും ഉൾപ്പെടുത്തിക്കൊണ്ട് ഡി.പി.സി(ഹയർ) കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ചീഫ് എഞ്ചിനീയറുടെ തസ്തികയിലെ ഒരു ഒഴിവ് നികത്തുന്നതിനാവശ്യമായ നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു |
| സി) | എഞ്ചിനീയർമാരുടെ ഒഴിവുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ? | സി) | ചീഫ് എൻജിനീയർ-1<br>സൂപ്രണ്ടിംഗ് എൻജിനീയർ-1<br>എക്സിക്യൂട്ടീവ് എൻജിനീയർ-7<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ-37<br>അസിസ്റ്റന്റ് എൻജിനീയർ-91 |

സെക്ഷൻ ഓഫീസർ